STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.481/PR/SPMC/PHQ/2021 Date :26.10.2021

**ഡ്രോൺ ഹാക്കത്തോൺ ഡിസംബർ 10 നും 11 നും;**
**വെബ്സൈറ്റ് പ്രവർത്തനം തുടങ്ങി**

'ഡ്രോൺ കെപി 2021' എന്ന പോലീസ് ഡ്രോൺ ഡെവലപ്മെന്റ് ഹാക്കത്തോണിന്റെ വെബ്സൈറ്റ് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ഉദ്ഘാടനം ചെയ്തു. പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ഹാക്കത്തോണിന്റെ രജിസ്ട്രേഷൻ കിക്കോഫും അദ്ദേഹം നിർവ്വഹിച്ചു. ഹെഡ്ക്വാർട്ടർ എഡിജിപിയും സൈബർഡോം നോഡൽ ഓഫീസറുമായ മനോജ് എബ്രഹാം, ഡി.ഐ.ജി പി.പ്രകാശ് എന്നിവരും മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

പോലീസിനായി ഡ്രോൺ ഉപയോഗിച്ചുള്ള വിവിധതരം ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഡ്രോൺ ശേഷി വർദ്ധിപ്പിക്കുന്നതിനായി കേരളാ പോലീസ്ഡ്രോൺ ഫോറൻസിക് ലാബിന്റെ നേതൃത്വത്തിലാണ് ഡിസംബർ 10 നും 11 നും ഹാക്കത്തോൺ സംഘടിപ്പിക്കുന്നത്. പോലീസ് സേനയുടെ ഡ്രോൺ ഡെവലപ്മെന്റ് ശേഷി വർധിപ്പിക്കുക, വിവിധ സേവനങ്ങൾക്കായുള്ള ഡ്രോണുകൾ നിർമ്മിക്കുക, ഡ്രോൺ ഫോറൻസിക്സിൽ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം, ആന്റി ഡ്രോൺ സിസ്റ്റം ഡെവലപ്മെന്റ് എന്നിവയാണ് മത്സര ഇനങ്ങൾ. ഈ മേഖലയിൽ ഗവേഷണം നടത്തുന്ന ടെക്നിക്കൽ സ്ഥാപനങ്ങൾ, വിദ്യാർഥികൾ, ഡ്രോൺ ഡെവലപ്മെന്റിൽ താല്പര്യമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് ഹാക്കത്തോണിൽ മത്സരിക്കാം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 20 ആണ്. കൂടുതൽ വിവരങ്ങളും രജിസ്ട്രേഷനും https://drone.cyberdome.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

**ഫോട്ടോക്യാപ്ഷൻ :**

പോലീസ് ഡ്രോൺ ഹാക്കത്തോണിന്റെ വെബ്സൈറ്റ് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ഉദ്ഘാടനം ചെയ്യുന്നു.

**************************